# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1687** **10.02.2020 -ലെ മറുപടിയ്ക്ക്**

## കേരള സർവ്വകലാശാലയിൽ മോഡറേഷൻ മാർക്ക് നൽകിയതിലുള്ള ക്രമക്കേട്

*ചോദ്യം* *ഉത്തരം*

**ശ്രീമതി. ഷാനിമോൾ ഉസ്മാൻ**

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| എ) | കേരള സർവ്വകലാശാലയിൽ മോഡറേഷൻ മാർക്ക് കൂട്ടിനൽകിയതിൽ ക്രമക്കേട് നടന്നതായി ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത ക്രമക്കേട് സോഫ്റ്റ് വെയർ തകരാർ മൂലമാണെന്ന് യൂണിവേഴ്സിറ്റി നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിദഗ്ധ സമിതിയുടെ അന്വേഷണം പൂർത്തിയായോ; | (ബി) | സിൻഡിക്കേറ്റ് നിയോഗിച്ച വിദഗ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ സോഫ്റ്റ് വെയർ തകരാർ മൂലമാണ് ക്രമക്കേട് സംഭവിച്ചതെന്ന് കണ്ടെത്തുകയും അതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സോഫ്റ്റ് വെയറിനുണ്ടായ തകരാറാണ് ക്രമക്കേടിന് കാരണമെങ്കിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ മറ്റെല്ലാ പരീക്ഷകളിലും ഇത്തരം പ്രശ്നം ഉണ്ടാകേണ്ടതല്ലേ; | (സി) & (ഡി) | റെഗുലേഷനുകളിൽ ഉള്ള വ്യത്യസ്തത പരിഗണിച്ച് ഓരോ പരീക്ഷക്കും വ്യത്യസ്തമായ സോഫ്റ്റ് വെയറുകളാണ് രൂപകല്പന ചെയ്തിരിക്കുന്നത്. |
| (ഡി) | എങ്കിൽ, അപ്രകാരം ഉണ്ടാകാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.